കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല
കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്
മണ്ണുത്തി.പി.ഒ, തൃശ്ശൂർ, കേരള-680651
ഫോൺ-0487-2370344, ഇ.മെയിൽ-aovetmty@ kvasu.ac.in

നം. സി.വി.എ.എസ്./എം.ടി.വൈ./ജി1/1099/2024(ii) മണ്ണുത്തി, തീയ്യതി : 28 .02.2026

പ്രേഷകൻ

ഡീൻ(i/c)

സ്വീകർത്താവ്

ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്
കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
പൂക്കോട്, വയനാട്

സർ,

വിഷയം :- സിവിഎഎസ്, മണ്ണുത്തി - പൊതുവിഭാഗം - മണ്ണുത്തി ക്യാമ്പസിലെ കാന്റീനിന്റെ നടത്തിപ്പിനായി ക്വട്ടേഷൻ നോട്ടീസ് കെ.വി.എ.എസ്.യു. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 27.02.2026 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ക്വട്ടേഷന് നോട്ടീസ്

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മണ്ണുത്തി കാമ്പസിലെ കാന്റീനിന്റെ നടത്തിപ്പിനായി മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നതുമായി ബന്ധപ്പെട്ട് മേൽസൂചന പ്രകാരമുള്ള ക്വട്ടേഷൻ നോട്ടീസ് കെ.വി.എ.എസ്.യു. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് I
(ഡീനിനു വേണ്ടി)

//അംഗീകാരത്തോടെ അയയ്ക്കുന്നത്//

സെക്ഷൻ ഓഫീസർ

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല
കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്
മണ്ണുത്തി.പി.ഒ, തൃശ്ശൂർ, കേരള-680651
ഫോൺ-0487-2370344, ഇ.മെയിൽ-aovetmty@ kvasu.ac.in

നം.സിവിഎഎസ്/എംടിവൈ/ജി1/1099/2024 മണ്ണുത്തി,തീയ്യതി: 27.02.2026

## ക്വട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ മണ്ണുത്തി വെറ്ററിനറി കോളേജിലെ വിദ്യാർത്ഥികൾക്കും, അധ്യാപക അനധ്യാപക ജീവനക്കാർക്കും, തൊഴിലാളികൾക്കും വേണ്ടിയുള്ള കാന്റീൻ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് മത്സര സ്വഭാവഅടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. സാധാരണ അടുക്കളയും, സാധാരണ ഡൈനിംഗ് ഹാളും, വി.ഐ.പി. ഡൈനിംഗ് ഹാളും ഉള്ള കാന്റീനിലേക്കാണ് ടി ക്വട്ടേഷനുകൾ ക്ഷണിക്കുന്നത്. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുമ്പ് താല്പര്യമുള്ളവർക്ക് നിർദ്ദിഷ്ട കെട്ടിടം കണ്ട് സൗകര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

<u>കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ</u>

ക്വട്ടേഷൻ സമർപ്പിക്കുന്ന മുദ്ര വെച്ച കവറിനു പുറത്ത് "കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി കോളേജ് മണ്ണുത്തിയിലെ പുതിയ കാന്റീൻ നടത്തിപ്പിനായി സമർപ്പിക്കുന്ന ക്വട്ടേഷൻ (2026-27)" എന്ന് രേഖപ്പെടുത്തിയിരിക്കണം.

| | | |
|---|---|---|
| വിലാസം | : | ഡീൻ, കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസസ്, മണ്ണുത്തി |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി, സമയം | : | 16.03.2026, 11 AM |
| ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം | : | 16 .03.2026, 3 PM |
| നിരത ദ്രവ്യം | : | ഡീൻ, സി.വി.എ.എസ്., മണ്ണുത്തി (DEAN, CVAS, Mannuthy) എന്ന പേരിൽ എസ്.ബി.ഐ. ഒല്ലൂക്കരയിൽ മാറാവുന്ന 1000/- (ആയിരം രൂപ മാത്രം) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് |
| കരാർ പ്രാബല്യം | : | ഉടമ്പടി തീയതി മുതൽ ഒരു വർഷം |
| സെക്യൂരിറ്റി തുക | : | ഡീൻ, സി.വി.എ.എസ്., മണ്ണുത്തി (DEAN, CVAS, Mannuthy) എന്ന പേരിൽ എസ്.ബി.ഐ. ഒല്ലൂക്കരയിൽ മാറാവുന്ന 25000/- (ഇരുപത്തിയയ്യായിരം രൂപ) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ്) |

ക്വട്ടേഷൻ ഇതോടൊപ്പം അനുബന്ധമായി തന്നിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. മറ്റു നിബന്ധനകൾ ചുവടെ ചേർക്കുന്നു.

## നിബന്ധനകൾ

1. ക്വട്ടേഷൻ ഡീൻ, കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസസ്, മണ്ണുത്തി എന്ന് അഭിസംബോധന ചെയ്യേണ്ടതാണ്. "കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി കോളേജ് മണ്ണുത്തിയിലെ പുതിയ കാന്റീൻ നടത്തിപ്പിനായി സമർപ്പിക്കുന്ന ക്വട്ടേഷൻ(2026-27)" എന്ന് കൃത്യമായി കവറിന് മുകളിൽ രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷൻ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

2. കരാറുകാരന് മെസ്സ് നടത്തുന്നതിന് വേണ്ടതായ FSSAI (The food standard safety authority of India) രജിസ്ട്രേഷനും ലൈസൻസും വേണ്ടതാണ്. ഭക്ഷണം വിളമ്പുകയും പാചകം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഹെൽത്ത് കാർഡ് നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്.

3. FSSAI അനുശാസിക്കുന്ന ശുചിത്വ ഗുണനിലവാരവും സുരക്ഷയും ഭക്ഷണ പദാർത്ഥങ്ങൾക്ക് ഉറപ്പുവരുത്തേണ്ടതാണ്.

4. കാന്റീൻ നടത്തുന്നതിനുള്ള അപേക്ഷകൾ ആധുനിക സജ്ജീകരണങ്ങളുള്ള ഭക്ഷണശാലകൾ പ്രവർത്തിപ്പിച്ച് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും അനുഭവ സമ്പത്തുള്ള വ്യക്തിയായിരിക്കണം. അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

5. കരാറിന്റെ സമയപരിധി ഉടമ്പടി തീയതി മുതൽ 12 മാസം കാലയളവിലേക്കാണ്. അതിനു ശേഷം കരാർ നീട്ടുന്നത് ഡീനിന്റെ വിവേചനാധികാരമാണ്.

6. അനുബന്ധ പട്ടികയിൽ തന്നിട്ടുള്ള ആഹാരപദാർത്ഥങ്ങളുടെ ശരാശരി ഭാരം, വില, എന്നിവ ക്വട്ടേഷനിൽ പ്രത്യേകം പ്രതിപാദിക്കണം.

7. കരാറുകാരന്റെ പ്രസ്തുത മേഖലയിലുള്ള പ്രവൃത്തി പരിചയം, ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന സംരംഭത്തിലെ വിറ്റ് വരവും അതിൽ നിന്നുമുള്ള ആദായം എന്നിവ പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

8. കരാറുകാരൻ ഭക്ഷണശാല നടത്തുന്നതിനായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ അനുമതി പത്രങ്ങൾ, സംസ്ഥാന തൊഴിലാളി ജീവൻ നിയന്ത്രണ നിയമങ്ങൾ, അടിസ്ഥാന വേതന നിയമം, നഷ്ട പരിഹാര നിയമം തുടങ്ങി സർക്കാർ അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് എല്ലാ തർക്കങ്ങളുടെയും പരിപൂർണ്ണ ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

9 കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുശാസിക്കുന്ന ചട്ടപ്രകാരമുള്ള തൊഴിലാളികൾക്കുള്ള മിനിമം വേതനം, ക്ഷേമനിധി (ഇ.എസ്.ഐ.), ഇ.പി.എഫ്. ആനുകൂല്യങ്ങൾ ജി.എസ്.ടി. എന്നിവ കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്. തൊഴിലാളികൾക്കുള്ള ഇ.എസ്.ഐ., ഇ.പി.എഫ്. ആനുകൂല്യങ്ങളും ആദായനികുതി മുതലായവ തൊഴിലാളികളിൽ നിന്നും ഈടാക്കി സമയാസമയങ്ങളിൽ അതാത് ഏജൻസികളിൽ അടവാക്കേണ്ടത് കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്തമാണ്.

10. കരാറുകാരൻ ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന എല്ലാ സാക്ഷ്യപത്രങ്ങളും കരുതിയിരിക്കേണ്ടതും ജീവനക്കാരുടെ നിയമപ്രകാരമുള്ള വൈദ്യ പരിശോധനകൾ നിർദ്ദിഷ്ട സമയങ്ങളിൽ നടത്തേണ്ടതുമാകുന്നു. ഇതിൽ എന്തെങ്കിലും വീഴ്ചയുണ്ടായാൽ അതിന് കോളേജ് ഉത്തരവാദിയായിരിക്കുന്നതല്ല.

11. കാന്റീനിലെ ഒരു തൊഴിലാളിയെങ്കിലും ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഉപകരണങ്ങൾ (ബോയിലർ,വാട്ടർ കൂളർ) പ്രവർത്തിപ്പിക്കാൻ പ്രാവിണ്യം ഉള്ളവരായിരിക്കണം. എല്ലാ ജീവനക്കാർക്കും തിരിച്ചറിയൽ രേഖ നിർബന്ധമാണ്

12. കാന്റീനിലെ എല്ലാ ജീവനക്കാർക്കും ഓവർകോട്ട്, ഏപ്രൺ, ക്യാപ്പ്, കൈയ്യുറ പ്രവർത്തി സമയത്ത് എന്നിവ നിർബന്ധമാണ്.

13. ഭക്ഷണം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനും ക്യാഷ്/ബിൽ കൈകാര്യം ചെയ്യുന്നതിനും ആവശ്യാനുസരണം ജീവനക്കാരെ നിയോഗിക്കേണ്ടതാണ്. തിരക്ക് കൂടുന്നതിനനുസരിച്ച് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

14. അവധി ദിവസം ഉൾപ്പെടെ എല്ലാ ദിവസങ്ങളിലും കാന്റീൻ പ്രവർത്തിക്കേണ്ടതാണ്. കാന്റീനിന്റെ പ്രവൃത്തി സമയം രാവിലെ 7 മണി മുതൽ വൈകിട്ട് 7.30 വരെയാണ്. ഏതെങ്കിലും അസാധാരണ സാഹചര്യങ്ങളിൽ കാന്റീൻ പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ടാൽ അത് തലേ ദിവസം തന്നെ മുൻകൂട്ടി അറിയിച്ച് ബോർഡ് സ്ഥാപിക്കേണ്ടതാണ്.

15. ഈ സ്ഥാപനത്തിലെ ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും, തൊഴിലാളികൾക്കും ഒഴികെ പൊതുജനങ്ങൾക്കും പുറമേ നിന്നുള്ള ആളുകൾക്കുമായി നടത്തുന്ന പരിശീലന പരിപാടികൾ, സെമിനാറുകൾ ഇവയിൽ പങ്കെടുക്കുന്നവർക്ക് നൽകുന്ന ഭക്ഷണത്തിന് വെവ്വേറെ നിരക്കുകൾ കാണിക്കാവുന്നതാണ്.

16. എല്ലാ പായ്ക്ക് ചെയ്ത ഭക്ഷ്യ വസ്തുക്കളും എം.ആർ.പി. വിലയിലോ അതിൽ താഴെയോ മാത്രമേ വിൽക്കാവൂ

17. എല്ലാ ഉപഭോക്താക്കൾക്കും നിയമം അനുശാസിക്കുന്ന നിരക്കിൽ ബില്ലുകൾ നൽകേണ്ടതാണ്.ബില്ലുകളിൽ നമ്പറും തീയതിയും നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം .

18. ഡൈനിംഗ് ഹാൾ, കാന്റീൻ പരിസരം, ശുചിമുറികൾ എന്നിവ മാലിന്യമുക്തവും, ശുചിത്വപൂർണ്ണവും ആയി സൂക്ഷിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.

19. കോളേജിലും, യൂണിവേഴ്സിറ്റിയിലും ഉള്ള അദ്ധ്യാപക – അനദ്ധ്യാപക, വിദ്യാർത്ഥി സമൂഹത്തിനും, തൊഴിലാളികൾക്കും, പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർക്കും, പുറത്തുനിന്നുമുള്ള സന്ദർശകർക്കും ഭക്ഷണം നൽകാൻ ബാധ്യസ്ഥരാണ്.

20.കരാറുകാരനും, കാന്റീൻ തൊഴിലാളികളും, ഉപഭോക്താക്കളും തമ്മിൽ ഉണ്ടാകാവുന്ന യാതൊരു തർക്കങ്ങൾക്കും കോളേജ്/യൂണിവേഴ്സിറ്റി ഉത്തരവാദികളായിരിക്കില്ല.

21. ഏർപ്പെട്ട കരാറിൽ നിന്ന് പിൻമാറാൻ ഉദ്ദേശ്യമുള്ള പക്ഷം കുറഞ്ഞത് രണ്ട് മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്ക് മുൻപാകെ നോട്ടീസ് നൽകേണ്ടതാണ്. അങ്ങനെ നോട്ടീസ് കൂടാതെ കരാറുകാരൻ പിൻമാറുന്ന പക്ഷം അടച്ചിട്ടുള്ള സ്ഥിര നിക്ഷേപം തിരികെ നൽകുന്നതല്ല.

22. കോളേജ് മേധാവിക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ മുൻപാകെ നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.

23. കോളേജ് അധികാരിയിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതിനനുസൃതമായി, കരാറുകാരൻ എത്രയും വേഗം കാന്റീനിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. അതിനു മുൻപ് എല്ലാ കരാർവ്യവസ്ഥകളും പൂർത്തീകരിക്കുകയും വേണം.

24. കാന്റീൻ നടത്തിപ്പിനാവശ്യമായ വൈദ്യുതി, വെള്ളം, പാചകവാതകം മുതലായ തുടർ ചിലവുകൾ കരാറുകാരൻ തന്നെ വഹിക്കണം. കെട്ടിട വാടക (യൂണിവേഴ്സിറ്റി കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന തുക – 5000 രൂപയിൽ കുറയാതെ), വെള്ളത്തിന്റെ ചാർജ് വെറ്ററിനറി കോളേജ് ഓഫീസിലും, വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി. യിലും അടക്കേണ്ടതാണ്. സർവ്വകലാശാലയുടെ കാലാകാലങ്ങളിലുള്ള നിബന്ധനകൾക്കും കോൺട്രാക്റ്റ് ബാധകമായിരിക്കും. സർവ്വകലാശാലയ്ക്ക് ഏതെങ്കിലും കാരണവശാൽ വെള്ളം നൽകുവാൻ സാധിച്ചില്ലെങ്കിൽ കരാറുകാരൻ അത് സ്വന്തം നിലക്ക് ലഭ്യമാക്കേണ്ടതാണ്. വൈദ്യുതി തകരാറുമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നപക്ഷം പകരം സംവിധാനം ഒരുക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ഭക്ഷണം പാകം ചെയ്യാൻ വിറകടുപ്പ് ഉപയോഗിക്കാൻ പാടുള്ളതല്ല.

25. കാന്റീൻ നടത്തിപ്പിനായുള്ള അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ കരാറുകാരൻ, സെക്യൂരിറ്റി തുകയായി 25000/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്ക് ഗ്യാരണ്ടി – ഡീൻ, കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസസ്, മണ്ണുത്തി എന്ന പേരിൽ അടക്കേണ്ടതാണ്.

26. കരാറുകാരൻ 200 രൂപ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പു വയ്ക്കേണ്ടതാണ്.

27. എല്ലാവിധ മാലിന്യങ്ങളും സമയബന്ധിതമായും ശാസ്ത്രീയമായും നീക്കം ചെയ്യേണ്ട ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമാണ്.

28. എല്ലാവിധ നികുതികളും യഥാസമയം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതും, അല്ലാത്ത പക്ഷം വരുന്ന എല്ലാ പിഴവുകൾക്കും കരാറുകാരൻ സ്വയം ഉത്തരവാദി ആയിരിക്കുന്നതുമാണ്.

29. കാന്റീനിലെ കെട്ടിട സജ്ജീകരണങ്ങൾക്കും, ഉപകരണങ്ങൾക്കും മറ്റ് സാധന സാമഗ്രികൾക്കും എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചാൽ, അവയ്ക്കുള്ള നഷ്ടപരിഹാരത്തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

30. അനുബന്ധ പട്ടികയിൽ പറഞ്ഞിട്ടുള്ള ആഹാരസാധനങ്ങൾക്ക് പുറമേ, താല്പര്യമുള്ള മറ്റ് അനുയോജ്യമായ ഭക്ഷണ വിഭവങ്ങളും നൽകാവുന്നതാണ്. അതിന്റെ വില ക്വട്ടേഷനിൽ പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

31. കാന്റീനിന്റെ പരിസരത്തുള്ള വാഷ്ബേസിൻ, ടോയ്‌ലറ്റുകൾ മുതലായവ ശുചിയാക്കി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം കരാറുകാരനിൽ പൂർണ്ണമായും നിക്ഷിപ്തമായിരിക്കുന്നതാണ് . കൂടാതെ കാന്റീനിൽ ഒരു സജഷൻ ബോക്സ് സ്ഥാപിക്കേണ്ടതാണ്

32. പാചകത്തിനുപയോഗിക്കുന്ന എല്ലാ വസ്തുക്കളുടെയും ഗുണനിലവാരം കരാറുകാരൻ ഉറപ്പാക്കേണ്ടതാണ്. പഴകിയ ഭക്ഷ്യവസ്തുക്കൾ കാന്റീനിൽ യാതൊരു കാരണവശാലും വിൽപ്പന നടത്താൻ പാടുള്ളതല്ല. ഒരു ദിവസം ഉപയോഗിച്ച എണ്ണ, മുതലായ വസ്തുക്കൾ അടുത്ത ദിവസത്തെ ഭക്ഷണം തയ്യാറാക്കുന്നതിനായി ഉപയോഗിക്കാൻ പാടുള്ളതല്ല.

33. കോളേജ് മേധാവിക്കോ, മേധാവി അധികാരപ്പെടുത്തുന്ന വ്യക്തിക്കോ / വ്യക്തികൾക്കോ കാന്റീൻ കമ്മിറ്റി അംഗങ്ങൾക്കോ ഏതൊരു സമയത്തും കാന്റീനിന്റെ പ്രവർത്തനം പരിശോധിക്കാനുള്ള അധികാരമുണ്ടായിരിക്കും. അദ്ദേഹം/കമ്മിറ്റി പുറപ്പെടുവിക്കുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ പാലിക്കാൻ കരാറുകാരൻ എന്നും ബാധ്യസ്ഥനാണ്.

34. ക്വട്ടേഷനുകൾ പരിഗണിക്കുമ്പോൾ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളവർക്ക് മുൻഗണന നൽകുന്നതായിരിക്കും.

35. 16.03.2026 വരെ ലഭ്യമാകുന്ന എല്ലാ ക്വട്ടേഷനുകളും കോളേജ് മേധാവിയുടെ സൂക്ഷ്മപരിശോധനകൾക്ക് വിധേയമാക്കി, എല്ലാ വശങ്ങളും പരിഗണിച്ചശേഷം,
മേൽപറഞ്ഞ നിബന്ധനകൾക്ക് വിധേയമായി കാന്റീൻ കമ്മിറ്റി തീരുമാനിക്കുന്ന കക്ഷിക്ക് കരാർ നൽകപ്പെടുന്നതാണ്.

36. ഈ ക്വട്ടേഷൻ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനും ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണവും ബോധിപ്പിക്കാതെ ക്വട്ടേഷൻ നിരാകരിക്കുന്നതിനുമുള്ള പരിപൂർണ്ണ അവകാശം കോളേജ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

37. കാന്റീനിൽ ഭക്ഷണ സാധനങ്ങൾ കൂടാതെ യാതൊരു വിധ ലഹരി വസ്തുക്കളും പ്രവേശിപ്പിക്കുവാനോ, വിപണനം നടത്തുവാനോ ഭക്ഷ്യവസ്തുക്കളിൽ ചേർത്തു നൽകുവാനോ പാടുള്ളതല്ല.

38. കാന്റീൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവും വിലയും പരസ്യമായി പ്രദർശിപ്പിക്കേണ്ടതാണ്.

39. ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച നിരക്കുകളിൽ യാതൊരു കാരണവശാലും കരാർ കാലയളവിൽ മാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല.

40. കാന്റീൻ നടത്തുന്നതിനുള്ള ഇരിപ്പിട സൗകര്യങ്ങൾ മാത്രമേ സൗജന്യമായി ലഭിക്കുകയുള്ളൂ.

41. കാന്റീൻ നടത്തുന്നതിനായി മറ്റേതെങ്കിലും സാധനങ്ങൾ നൽകുന്ന പക്ഷം അവയുടെ കണക്കെടുത്ത് പരസ്പരം സാക്ഷ്യപ്പെടുത്തേണ്ടതും, കരാർ കാലാവധിക്കു ശേഷം തർക്കരഹിതമായി തിരിച്ചു നൽകേണ്ടതുമാണ്.

42. കാന്റീൻ ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായാണോ കാന്റീൻ പ്രവർത്തിക്കുന്നത് എന്ന് കാന്റീൻ കമ്മിറ്റി നിശ്ചിത ഇടവേളകളിൽ പരിശോധിക്കുകയും, ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി കമ്മിറ്റിക്ക് ബോധ്യപ്പെട്ടാൽ നടത്തിപ്പുകാരനുമായിട്ടുള്ള കരാർ റദ്ദാക്കാൻ എപ്പോൾ വേണമെങ്കിലും സ്ഥാപന മേധാവിയോട് ശുപാർശ ചെയ്യാനും കരാർ റദ്ദാക്കാനുമുള്ള അധികാരം സ്ഥാപന മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

ഡീൻ(i/c) 27/2/26

2026 27 വർഷത്തെ വെറ്ററിനറി സർവ്വകലാശാലയിലെ കാന്റീൻ നടത്താനായുള്ള ക്വട്ടേഷൻ സമർപ്പണം.

പേര്, മേൽവിലാസം :

ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിശ്ചയമായും താഴെ പറയുന്ന വിഭവങ്ങളുടെ നിരക്കുകൾ രേഖപ്പെടുത്തേണ്ടതാണ്.

| നമ്പർ | ഇനം | ശരാശരി അളവ് | നിരക്ക് |
|---|---|---|---|
| 1* | ചായ | 150 മില്ലി | |
| 2* | കാപ്പി | 150 മില്ലി | |
| 3* | ഇഡ്ഡലി, സാമ്പാർ, ചട്ണി | 70 ഗ്രാം, 50 ഗ്രാം | |
| 4* | ദോശ, സാമ്പാർ, ചട്ണി | 80 ഗ്രാം, 50 ഗ്രാം | |
| 5* | പുട്ട് | 80 ഗ്രാം | |
| 6* | വെള്ളയപ്പം | 70 ഗ്രാം | |
| 7* | ഇടിയപ്പം | 50 ഗ്രാം | |
| 8 | ചപ്പാത്തി (1 എണ്ണം) | 50 ഗ്രാം | |
| 9 | പൊറോട്ട (1 എണ്ണം) | 70 ഗ്രാം | |
| 10 | പൂരി (1 എണ്ണം) | 50 ഗ്രാം | |
| 11* | സാധാരണ ഊൺ (ഊണിന്റെ ഒപ്പം സാമ്പാർ, മീൻകറി, രണ്ടുതരം ഉപ്പേരി, അച്ചാർ/ ചമ്മന്തി, പപ്പടം, രസം/മോര്/പുളിശ്ശേരി) (ഏതെങ്കിലും ഒന്ന് മാറി മാറി കൊടുക്കണം) | ആവശ്യാനുസരണം | |
| 12 | ചിക്കൻ ബിരിയാണി | 150 ഗ്രാം റൈസ് +<br>100 ഗ്രാം ചിക്കൻ +<br>100ഗ്രാം സാലഡ് +<br>25 ഗ്രാം അച്ചാർ + 1 പപ്പടം | |
| 13 | ഓംലറ്റ് സിംഗിൾ | 40 ഗ്രാം | |
| 14* | മുട്ട മസാലക്കറി | 120 ഗ്രാം | |
| 15* | കടലക്കറി | 120 ഗ്രാം | |
| 16 | ഗ്രീൻപീസ്കറി | 120 ഗ്രാം | |
| 17 | ഉരുളക്കിഴങ്ങ്കറി | 120 ഗ്രാം | |
| 18 | ഫിഷ് കറി | 120 ഗ്രാം | |
| 19* | പരിപ്പുവട | 60 ഗ്രാം | |
| 20* | ഉഴുന്നുവട | 60 ഗ്രാം | |
| 21* | പഴംപൊരി | 60 ഗ്രാം | |
| 22* | സമൂസ | 60 ഗ്രാം | |
| 23* | ഇലയട | 60 ഗ്രാം | |
| 24* | ബജ്ജി | 60 ഗ്രാം | |
| 25* | മസാല ബോണ്ട | 60 ഗ്രാം | |
| 26 | കട്ലറ്റ് (വെജ്) | 60 ഗ്രാം | |
| 27 | കട്ലറ്റ് (നോൺവെജ്) | 60 ഗ്രാം | |
| 28 | നെയ്റോസ്റ്റ് | 100 ഗ്രാം | |
| 29 | മസാലദോശ | 150 ഗ്രാം | |
| 30 | തൈര് വട | 150 ഗ്രാം | |
| 31 | ഉപ്പ്മാവ് | 120 ഗ്രാം | |
| 32 | പപ്പടവട | 30 ഗ്രാം | |
| 33 | ഫിഷ്ഫ്രൈ (ചെറുത്)<br>(വലുത്) | 50 ഗ്രാം<br>100 ഗ്രാം | |
| 34 | ബീഫ് കറി | 100 ഗ്രാം | |

| | | | |
|---|---|---|---|
| 35 | ബീഫ് ഫ്രൈ | 100 ഗ്രാം | |
| 36 | ചിക്കൻകറി | 100 ഗ്രാം | |
| 37 | ചിക്കൻ ഫ്രൈ | 100 ഗ്രാം | |
| 38 | കട്ടൻ ചായ/കട്ടൻ കാപ്പി/ പാലും വെള്ളം | 150 മില്ലി | |
| 39 | ഇൻസ്റ്റന്റ് കോഫി | 150 മില്ലി | |
| 40 | വെജിറ്റബിൾ ബിരിയാണി | 200 ഗ്രാം റൈസ് +<br>100 ഗ്രാം സാലഡ് +<br>25 ഗ്രാം അച്ചാർ +<br>1 പപ്പടം | |

നമ്പർ 19-25 വരെയുള്ള വിഭവങ്ങൾ ഓരോ ദിവസവും മാറി മാറി ഉണ്ടാക്കേണ്ടതാണ്. പുട്ട്, വെള്ളയപ്പം, ഇടിയപ്പം എന്നിവയിൽ ഏതെങ്കിലും ഒന്ന് എല്ലാ ദിവസവും നിർബന്ധമായും ഉണ്ടായിരിക്കണം. ആഴ്ചയിൽ ഒരു ദിവസം ഇഡ്ഡലിയും, ഒരു ദിവസം ദോശയും, ഒരു ദിവസം പൊറോട്ടയും നിർബന്ധമായും ഉണ്ടായിരിക്കണം. ദിവസവും ഊണ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

*ഈ വിഭവങ്ങൾ അവശ്യ വിഭവങ്ങളായി കണക്കാക്കുന്നതാണ്. ഈ വിഭവങ്ങളിൽ കരാറുകാർ രേഖപ്പെടുത്തുന്ന നിരക്കുകൾ പരിഗണിച്ചാണ് കരാർ ഉറപ്പിക്കുക. ഇവ തുല്യമാകുന്ന പക്ഷം മറ്റു വിഭവങ്ങളുടെ നിരക്കുകൾ പരിഗണിക്കുന്നതായിരിക്കും.

ഒപ്പ്

പേര്